## നോഹയുടെ ജീവിതവും വേലയും യുഗത്തെ മാറ്റി

### I. നോഹ ദൈവത്തിൽ വിശ്വസിച്ചു, ദൈവത്തോടുകൂടെ നടന്നു, ദൈവത്തെ പ്രസാദിപ്പിച്ചു, ദൈവം താൻ ആയിരിക്കുന്നതെല്ലാം ആസ്വദിച്ചു

- സാത്താൻ മനുഷ്യനെ പൂർണമായും ദുഷിപ്പിച്ചു, ദൈവം തന്റെ ഉദ്ദേശ്യത്തിനായി സൃഷ്ടിച്ച മനുഷ്യനെ നശിപ്പിക്കാൻ തീരുമാനിച്ചു.
- നോഹയുടെ ജീവിതത്തിലൂടെയും വേലയിലൂടെയും, ദൈവം തന്റെ ശത്രുവിന്റെ മേൽ വിജയം നേടുകയും യുഗത്തെ മാറ്റുകയും ചെയ്തു.

## നോഹയുടെ ജീവിതം—കൃപയുടെ ആസ്വാദനം

### II. നോഹയുടെ ജീവിതം യുഗത്തെ മാറ്റിയ ഒരു ജീവിതമായിരുന്നു

- യുഗത്തെ മാറ്റുന്ന ജീവിതം പൂർവ്വപിതാക്കന്മാരുടെ ദൈവിക വഴികൾ അവകാശമാക്കുന്ന ഒരു ജീവിതമാണ്

  നോഹ അവകാശമാക്കിയത്:
  - ആദാമിന്റെ രക്ഷയുടെ മാർഗം
  - ഹാബെലിന്റെ യാഗർപ്പണത്തിന്റെ മാർഗം
  - എനോശിന്റെ യഹോവയുടെ നാമം വിളിച്ചപേക്ഷിക്കുന്ന മാർഗം
  - ഹാനോക്കിന്റെ ദൈവത്തോടുകൂടെ നടക്കുന്ന മാർഗം
- നോഹ താൻ ജീവിച്ചിരുന്ന ദുഷിച്ച യുഗത്തിന്റെ യഥാർഥ അവസ്ഥയെ ദൈവം അവന് കാണിച്ചുകൊടുത്തു
- “എന്നാൽ നോഹയ്ക്കു യഹോവയുടെ കൃപ ലഭിച്ചു”—ഉല്പ. 6:8
  - സാഹചര്യത്തെ തന്നാലാവോളം നശിപ്പിക്കുവാൻ സാത്താൻ ശ്രമിച്ചപ്പോൾ, യുഗത്തെ മാറ്റുവാൻ ദൈവത്തിന്റെ ദൃഷ്ടിയിൽ കൃപ കണ്ടെത്തിയ ചിലർ എപ്പോഴും ഉണ്ടായിട്ടുണ്ട്
  - ഉല്പത്തിയിലെ രേഖയുടെ പ്രധാന ലക്ഷ്യം വീഴ്ചയെ കാണിക്കുക എന്നതല്ല, പിന്നെയോ ദൈവത്തിന്റെ കൃപയ്ക്ക് വീണുപോയ ജനത്തിനുവേണ്ടി എത്ര മാത്രം ചെയ്യാൻ കഴിയുമെന്ന് കാണിക്കുന്നതാണ്
  - കൃപ എന്നത് നാം ആസ്വദിക്കുന്ന ദൈവത്തിന്റെ സാന്നിധ്യമായ, ദൈവം തന്നെയാണ്
  - കൃപയെന്ന നിലയിൽ കർത്താവിന്റെ ആസ്വാദനം അവനെ സ്നേഹിക്കുന്നവരോടുകൂടെയാണ്
  - കൃപ നമ്മുടെ മനുഷ്യാത്മാവിനെ വ്യായാമം ചെയ്യുന്നതിലൂടെ നാം ആസ്വദിക്കുന്നു
  - ദൈവവചനം കൃപയുടെ വചനമാണ്
  - ഒരുമയുടെ അടിത്തറയിൽ വിശുദ്ധന്മാരുമായി കൂടിവരുമ്പോൾ ജീവന്റെ കൃപയെന്ന നിലയിൽ പ്രക്രിയാവിധേയനായ ത്രിയേക ദൈവത്തെ നാം അനുഭവമാക്കുന്നു
  - കഷ്ടാനുഭവങ്ങളുടെയും പരീക്ഷകളുടെയും നടുവിൽ നമ്മുടെ വർദ്ധിച്ചുവരുന്നതും സകലത്തിനും മതിയായതുമായ കൃപയായി കർത്താവിനെ നമുക്ക് അനുഭവമാക്കുവാൻ കഴിയും
  - തന്റെ കൃപയുടെ ശക്തിയിൽ നാം കർത്താവിനുവേണ്ടി അധ്വാനിക്കണം.
  - നാം ബഹുവിധമായ ദൈവകൃപയുടെ നല്ല കാര്യവിചാരകന്മാരാകണം
  - കൃപയുടെ ശക്തിയാലും, കൃപയുടെ ബലത്താലും, കൃപയുടെ ജീവനാലും, നമുക്ക് ദൈവത്തോടും പരസ്പരവും നേരുള്ളവരായിരിക്കുവാൻ കഴിയും;
  - കൃപ നീതിയെ ഉളവാക്കുന്നു

## നോഹയുടെ വേല—പണിയുന്നവനും പണിയപ്പെട്ടവനുമായ ദൈവത്തെ ശുശ്രൂഷിക്കുക

### III. നോഹയുടെ വേല യുഗത്തെ മാറ്റിയ വേലയായിരുന്നു

- ദൈവം നോഹയ്ക്ക് സർവവും ഉൾക്കൊള്ളുന്ന ഒരു വെളിപാട്, കൂടുതലായുള്ള ഒരു വെളിപാട്, പെട്ടകം പണിയുവാനുള്ള വെളിപാട് നൽകി, അതായിരുന്നു ദൈവം ദുഷിച്ച തലമുറയെ അവസാനിപ്പിക്കുകയും ഒരു പുതിയ യുഗം കൊണ്ടുവരുകയും ചെയ്യുന്നതിനുള്ള മാർഗം
  - പെട്ടകം ക്രിസ്തുവിന്റെ ഒരു മുൻകുറിയാണ്—അത് വ്യക്തിയായ ക്രിസ്തു മാത്രമല്ല, പുതിയ യെരൂശലേമിൽ പരിണതിപ്രാപിക്കുന്ന ക്രിസ്തുവിന്റെ ശരീരവും പുതിയ മനുഷ്യനുമായ, സഭയെന്ന സംഘാത ക്രിസ്തുവും കൂടിയാണ്
  - പെട്ടകത്തിന്റെ കെട്ടുപണി, ദൈവത്തോടൊപ്പം വേലചെയ്യുന്നവർ കെട്ടുപണിയുടെ സാമഗ്രിയായി ക്രിസ്തുവിന്റെ സമ്പത്തിന്റെ മൂലകംകൊണ്ട്, സംഘാത ക്രിസ്തുവിനെ കെട്ടുപണി ചെയ്യുന്നത് മുൻകുറിക്കുന്നു
  - ഈ കെട്ടുപണി എന്നത്, അവർ ജഡത്തിലുള്ള ദൈവത്തിന്റെ വെളിപ്പെടൽ ആയിത്തീരേണ്ടതിന്, അവരെ ക്രിസ്തുവിനെക്കൊണ്ട് ചേർത്തുപണിയുന്നതിന്, ജനത്തിലേക്ക് ക്രിസ്തുവിനെ പണിതുചേർക്കുന്നതാണ്
  - നമ്മുടെ വേലയിലെ നിർണായക വിഷയം എന്നത്, ത്രിയേക ദൈവത്തിന് തന്നെത്തന്നെ അവരുടെ ആളത്തത്തിലേക്ക് പണിതുചേർക്കുവാൻ കഴിയത്തക്കവണ്ണം, മറ്റുള്ളവരിലേക്ക് പണിയുന്നവനും പണിയപ്പെട്ടവനുമായ ദൈവത്തെ ശുശ്രൂഷിക്കുക എന്നതാണ്
  - നാം ഒരു കാര്യം അഭ്യസിക്കേണ്ടതുണ്ട്—പ്രക്രിയാവിധേയനും പരിണതിപ്രാപിച്ചവനുമായ ത്രിയേക ദൈവത്തെ മറ്റുള്ളവരിലേക്ക് ശുശ്രൂഷിക്കുക, അങ്ങനെ അവൻ തന്നെത്തന്നെ അവരുടെ ആന്തരിക മനുഷ്യനിലേക്ക് പണിതുചേർക്കും; ഈ രീതിയിൽ വേലചെയ്യുവാൻ കർത്താവ് നമ്മെ പഠിപ്പിക്കണമെന്ന് നാം പ്രാർഥിക്കണം
- സഭ കെട്ടുപണിചെയ്യുന്നതിലൂടെയും സഭാജീവിതത്തിലേക്ക് പ്രവേശിക്കുന്നതിലൂടെയും, മഹോപദ്രവത്തിലൂടെ ഇന്നത്തെ ദുഷ്ട തലമുറയുടെമേലുള്ള ദൈവത്തിന്റെ ന്യായവിധിയിൽനിന്ന് നാം രക്ഷപ്പെടുകയും, ഒരു പുതിയ യുഗമായ സഹസ്രാബ്ദ യുഗത്തിലേക്ക് ആനയിക്കപ്പെടുവാൻ ആ തലമുറയിൽനിന്ന് വേർതിരിക്കപ്പെടുകയും ചെയ്യും

### ദൈവകൃപ
**1 കൊരി 15:10** എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

**2 കൊരി 1:12** ഞങ്ങൾ ലോകത്തിൽ, അതിലുപരി നിങ്ങളുടെ മുമ്പാകെ, ജഡിക ജ്ഞാനത്തിൽ അല്ല ദൈവകൃപയിലത്രേ, ദൈവത്തിന്റെ ഏകാഗ്രതയിലും ആത്മാർഥതയിലും, ഞങ്ങളെത്തന്നെ നടത്തിയിരിക്കുന്നു എന്ന ഞങ്ങളുടെ മനസ്സാക്ഷിയുടെ സാക്ഷ്യം, ഞങ്ങളുടെ പ്രശംസയാകുന്നു.

**2 കൊരി 8:1** ഇതുകൂടാതെ സഹോദരന്മാരേ, മക്കെദോന്യയിലെ സഭകളിൽ നൽകപ്പെട്ടിരിക്കുന്ന ദൈവകൃപയെ ഞങ്ങൾ നിങ്ങളോട് അറിയിക്കുന്നു,

**2 കൊരി 9:14** നിങ്ങളുടെമേലുള്ള അളവറ്റ ദൈവകൃപ ഹേതുവായി നിങ്ങളെച്ചൊല്ലിയുള്ള അപേക്ഷയിൽ ആയിരിക്കവേ അവരും നിങ്ങളുടെ പിന്നാലെ വാഞ്ഛിക്കുന്നു.

### ക്രിസ്തുവിന്റെ കൃപ
**2 കൊരി 8:9** നമ്മുടെ കർത്താവായ യേശു ക്രിസ്തു സമ്പന്നനായിരുന്നിട്ടും അവന്റെ ദാരിദ്ര്യം നിമിത്തം നിങ്ങൾ സമ്പന്നരാകേണ്ടതിന് നിങ്ങൾ നിമിത്തം ദരിദ്രനായിത്തീർന്ന അവന്റെ കൃപ നിങ്ങൾ അറിയുന്നുവല്ലോ.

**2 കൊരി 12:9** അവൻ എന്നോട്, എന്റെ കൃപ നിനക്ക് മതി, എന്റെ ശക്തി ബലഹീനതയിൽ തികഞ്ഞുവരുന്നു എന്ന് പറഞ്ഞു. അതുകൊണ്ട് ക്രിസ്തുവിന്റെ ശക്തി എന്റെമേൽ കൂടാരമടിക്കേണ്ടതിന്, ഞാൻ അതിസന്തോഷത്തോടെ എന്റെ ബലഹീനതകളിൽ പ്രശംസിക്കും.

**2 കൊരി 13:14** കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ കൂട്ടായ്മയും നിങ്ങൾ എല്ലാവരോടുംകൂടെ ഇരിക്കട്ടെ.

### കൃപയുടെ ആത്മാവിനെ
**എബ്രാ 10:29** ദൈവപുത്രനെ ചവിട്ടിമെതിക്കുകയും, തന്നെ വിശുദ്ധീകരിച്ച ഉടമ്പടിയുടെ രക്തത്തെ പൊതുവായത് എന്ന് കരുതുകയും, കൃപയുടെ ആത്മാവിനെ അപമാനിക്കുകയും ചെയ്തവനെ എത്ര ദുഷ്കരമായ ശിക്ഷക്കു യോഗ്യനായി കരുതും എന്ന് നിങ്ങൾക്കു തോന്നുന്നു?

### കൃപ
**യോഹ 1:14** വചനം ജഡമായിത്തീർന്നു, കൃപയും യാഥാർഥ്യവും നിറഞ്ഞവനായി, നമ്മുടെ ഇടയിൽ കൂടാരമടിച്ചു, (ഞങ്ങൾ അവന്റെ തേജസ്സിനെ, പിതാവിൽനിന്ന് ഏകജാതനായവന്റെ തേജസ്സായി കണ്ടു).

**16** അവന്റെ നിറവിൽ നിന്ന് നമുക്ക് എല്ലാവർക്കും, കൃപമേൽ കൃപ ലഭിച്ചിരിച്ചിരിക്കുന്നു.

**17** ന്യായപ്രമാണം മോശെ മുഖാന്തരം നൽകപ്പെട്ടു; കൃപയും യാഥാർഥ്യവും യേശു ക്രിസ്തു മുഖാന്തരം വന്നു.

**1 കൊരി 15:10** എന്നാൽ ദൈവത്തിന്റെ കൃപയാൽ ഞാൻ ആകുന്നത് ഞാൻ ആകുന്നു; എന്നോടുള്ള അവന്റെ കൃപ വ്യർഥമായിത്തീർന്നതുമില്ല, എന്നാൽ അതിന് വിരുദ്ധമായി, അവരിൽ എല്ലാവരിലും അത്യധികമായി ഞാൻ അധ്വാനിച്ചു, എങ്കിലും ഞാനല്ല എന്നോടുകൂടെയുള്ള ദൈവകൃപയത്രേ.

**ഗലാ 2:20** ഞാൻ ക്രിസ്തുവിനോടുകൂടെ ക്രൂശിക്കപ്പെട്ടിരിക്കുന്നു; ഇനി ജീവിക്കുന്നത് ഞാൻ അല്ല, ക്രിസ്തുവത്രേ എന്നിൽ ജീവിക്കുന്നു;

### പണിയുന്നവനും പണിയപ്പെട്ടവനുമായ ദൈവം
**2 ശമൂ 7:12** നിന്റെ ഉദരത്തിൽനിന്നു പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്കാലം തികഞ്ഞിട്ടു നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പാക്കുകയും ചെയ്യും.
**13** അവൻ എന്റെ നാമത്തിന്നു ഒരു ആലയം പണിയും; ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും.
**14** ഞാൻ അവന്നു പിതാവും അവൻ എനിക്കു പുത്രനും ആയിരിക്കും;...

**എഫെ 3:16** അത് തന്റെ മഹത്വത്തിന്റെ ധനത്തിനൊത്തവണ്ണം, അവന്റെ ആത്മാവിലൂടെ നിങ്ങൾ അകത്തെ മനുഷ്യനിലേക്ക് ശക്തിയോടെ ബലപ്പെടുവാനും,
**17** അത് ക്രിസ്തു വിശ്വാസത്താൽ നിങ്ങളുടെ ഹൃദയങ്ങളിൽ തന്റെ ഭവനം പണിയുവാനും, അത് നിങ്ങൾ സ്നേഹത്തിൽ വേരൂന്നി അടിസ്ഥാനപ്പെട്ട്,
**18** സകല വിശുദ്ധന്മാരോടുംകൂടെ വീതിയും നീളവും ഉയരവും ആഴവും എന്തെന്ന് ഗ്രസിക്കുവാൻ പൂർണ ബലമുണ്ടാകേണ്ടതിനും,
**19** പരിജ്ഞാനത്തെ കവിയുന്ന ക്രിസ്തുവിന്റെ സ്നേഹത്തെ അറിയുവാനും, അത് നിങ്ങൾ ദൈവത്തിന്റെ എല്ലാ, നിറവിനോളം നിറയേണ്ടതിനും ആകുന്നു.